# സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ: അനുപമ T V, IAS)

തിരുവനന്തപുരം

ഉത്തരവ് നം . F3-11875/17

=====================

തീയതി : 18/02/2017

====================

വിഷയം :- സാമൂഹ്യനീതി വകുപ്പ് - അന്തർദേശീയ വനിതാദിനാചരണം ആചരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

അന്തർദേശീയ വനിതാദിനം ആഘോഷിക്കുന്നതിന്റെ ഭാഗമായി മുൻ വർഷങ്ങളിലെ പോലെ മാർച്ച് മാസം 8-)൦ തീയതി ജില്ലാതലത്തിൽ വനിതാ ദിനാചരണം നടത്തേണ്ടതുണ്ട്. ഈ വർഷത്തെ വനിതാദിനാചരണവുമായി ബന്ധപ്പെട്ട് മാർച്ച് 1 മുതൽ 7 വരെ വനിതാ ദിനാചരണമായി ആചരിക്കുന്നതിനും ഈ ദിവസങ്ങളിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് വിവിധ പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാദിനമായ മാർച്ച് 8 ന് POSH Act 2016 നെ സംബന്ധിച്ച് സെമിനാർ/ഡിസ്കഷൻ ഉൾപ്പെടുത്തേണ്ടതും പരിപാടിയിൽ വിവിധ വകുപ്പുദ്യോഗസ്ഥർ, LCC/ICC അംഗങ്ങൾ ജനപ്രതിനിധികൾ പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്.

ഈ സാഹചര്യത്തിൽ 2017 മാർച്ച് 8-)൦ തീയതി ജില്ലാതലങ്ങളിൽ വനിതാദിനാചരണം നടത്തുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓരോ ജില്ലയിലും വനിതാദിനാചരണം നടത്തുന്നതിനായി 10000/- രൂപ വീതം (പതിനായിരം രൂപാ മാത്രം) അനുവദിച്ചുത്തരവാകുന്നു. ടി തുക ചുവടെ പരാമർശിക്കും പ്രകാരം ചിലവഴിക്കേണ്ടതാണ്.

പങ്കെടുപ്പിക്കേണ്ടവരുടെ എണ്ണം - 100

| | |
|---|---|
| ഹാൾ വാടക | - 3500/- രൂപ |
| പി.എ സിസ്റ്റം | - 1000/- രൂപ |
| ബാനർ/നോട്ടീസ്/ ഡോക്യുമെന്റേഷൻ | - 2000/- രൂപ |
| ഹോണറേറിയം | - 1000/- രൂപ |
| ലഘു ഭക്ഷണം (15X100) | - 1500/- രൂപ |
| യാദൃശ്ചിക ചെലവുകൾ | - 1000/- രൂപ |

---

| | |
|---|---|
| ആകെ | - 10,000/- രൂപ |

---

Dh

മേൽ പ്രകാരം 14 ജില്ലകൾക്കു കൂടി 10,000/- രൂപ പ്രകാരം 1,40,000/- രൂപ ( ഒരു ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) ആവശ്യമായുണ്ട്. ടി തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-02-001-93 Plan ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകുന്നു.

വനിതാ ദിനാചരണം നടത്തിയതിനു ശേഷം ഇതിന്റെ റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും, സ്റ്റേറ്റ്മെന്റും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ യഥാസമയം നൽകേണ്ടതാണ്.

ഒപ്പ്

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

പകർപ്പ്:

1. സൂപ്രണ്ട്, എ സെക്ഷൻ
2. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Dh